പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1926 — 06.07.2015-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ സബ് ജയിലുകളിലെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) മലപ്പുറം ജില്ലയിലെ 4 സബ് ജയിലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം തടവുകാരും ജീവനക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)യും (ബി) യും : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ അവ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) : മലപ്പുറം ജില്ലയിലെ നാല് ജയിലുകളിൽ (സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി, സബ് ജയിൽ പെരിന്തൽമണ്ണ, സബ് ജയിൽ പൊന്നാനി, സബ് ജയിൽ തിരൂർ) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 13- ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ടോയ്‌ലറ്റ് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 8,48,767/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ